# മലർവാടി

**കുട്ടികളുടെ ദ്വൈവാരിക**

1 മാർച്ച് 2019, പുസ്തകം 39, ലക്കം 9


## മലർമൊഴി

ഇഷ്ടപ്പെടുന്നത് ചെയ്യുന്നതിലല്ല, ചെയ്യുന്നത് ഇഷ്ടപ്പെടുന്നതിലാണ് സന്തോഷത്തിന്റെ രഹസ്യം കുടികൊള്ളുന്നത്.

-സർ ജെയിംസ് ബാരി

ജീവിത വിജയത്തിന് ആവശ്യമായ ഒന്നാണ് അദ്ധ്വാനം. അദ്ധ്വാനം എന്നു പറയുമ്പോൾ ശരീരം കൊണ്ടു ചെയ്യുന്ന ജോലികളാണ് നമ്മുടെ ഓർമ്മയിൽ എത്താറ്. കാരണം അത്തരം പ്രവൃത്തികൾ നമുക്ക് നേർക്കു നേരെ കാണാനാകും. എന്നാൽ കായികാദ്ധ്വാനം പോലെത്തന്നെ പ്രധാനമാണ് മാനസികാദ്ധ്വാനവും.

ഒരു മണി


Editor **T.K. Ubaid** Executive Editor **P.A. Nazimudeen** Sub Editor **Mehd Maqbool**
Layout & Graphics **Alikoya** Technical Support **Fahis Ali**
Cover **Fasal Edavanakkad** e-mail malarvadimag@gmail.com | **www.malarvadi.net**
Circulation Phone 0495 2732555 Manager Tele 0495 2730073 e-mail managerprabodhanamclt@gmail.com

ക്കൂർ ചെസ്സു കളിക്കുമ്പോൾ പത്തുമണിക്കൂർ വിറകു കീറുന്നതിനെക്കാൾ ഊർജം വിനിയോഗിക്കപ്പെടുന്നു എന്ന് ശാസ്ത്രം പറയുന്നു.

കായികമായ അദ്ധ്വാനം നമുക്ക് ഇഷ്ടപ്പെടില്ലെങ്കിലും മനസ്സിനെ പ്രേരിപ്പിച്ചു ചെയ്യാൻ കഴിയും. എന്നാൽ അതിനെക്കാൾ ബുദ്ധിമുട്ടാണ് ഇഷ്ടപ്പെടാത്ത മാനസികാദ്ധ്വാനങ്ങൾ ചെയ്യാൻ. മാനസികാദ്ധ്വാനമായാലും കായികാദ്ധ്വാനമായാലും ജീവിതത്തിൽ നാം അവ ചെയ്തേ പറ്റൂ. കാരണം നമ്മുടെ നിലനിൽപ്പിനും സമൂഹത്തിന്റെ നിലനിൽപ്പിനും അദ്ധ്വാനം അനിവാര്യമായതു കൊണ്ടുതന്നെ.

എന്നാൽ ജീവിതത്തിൽ നാം ചെയ്യുന്ന എല്ലാ അദ്ധ്വാനങ്ങളും നമുക്ക് വളരെ ഇഷ്ടപ്പെട്ടു കൊള്ളണമെന്നില്ല. കൂട്ടുകാരിൽ അധികപേരും സ്കൂൾ പരീക്ഷകൾ ആസ്വദിച്ച് എഴുതുന്നവരായിരിക്കും എന്നാൽ ചിലർക്ക് അതിനെക്കാൾ ഇഷ്ടം ഓടിച്ചാടി നടക്കാനല്ലേ? എന്നാലും നാം പരീക്ഷയെഴുതിയേ മതിയാകൂ. കാരണം വിദ്യാലയ ജീവിതം നന്നായി പൂർത്തീകരിക്കാനും ജീവിതത്തിൽ ഉയർന്നു പോകാനും അത് അനിവാര്യമാണ്. അതിനാൽ നാം പരീക്ഷയെ ഇഷ്ടപ്പെട്ടേ പറ്റൂ. അതുകൊണ്ടാണ് ഇഷ്ടപ്പെടുന്നത് ചെയ്യുന്നതിലല്ല, ചെയ്യുന്നത് ഇഷ്ടപ്പെടുന്നതിലാണ് സന്തോഷത്തിന്റെ രഹസ്യമിരിക്കുന്നതെന്ന് സർ ജെയിംസ് ബാരി എന്ന പ്രശസ്ത ഇംഗ്ലീഷ് നോവലിസ്റ്റ് പറഞ്ഞത്.

ഇഷ്ടപ്പെടുന്നത് ചെയ്യുമ്പോഴാണ് എല്ലാവർക്കും അതിയായ സന്തോഷം ഉണ്ടാകുന്നതെങ്കിലും ചെയ്യുന്നത് ഇഷ്ടപ്പെടാനും നാം പരിശീലിച്ചേ പറ്റൂ. കാരണം ജീവിതത്തിൽ പ്രാഥമികമായി അനുഷ്ഠിക്കേണ്ട പല കാര്യങ്ങളും ആദ്യം നമുക്ക് സന്തോഷം നൽകുന്നവയായിരിക്കണമെന്നില്ല. ഉദാഹരണമായി, പ്രസിദ്ധ ക്ലാസിക്കൽ ഹിന്ദുസ്ഥാനി ഗായകനായ റാഷിദ് ഖാന്റെ ഒരു അനുഭവം പറയാം:

ഉത്തർപ്രദേശിൽ ബദായൂൻ എന്ന സ്ഥലത്ത് ജനിച്ച റാഷിദ് ഖാൻ ഇന്ന് ഇന്ത്യയിൽ ജീവിച്ചിരിക്കുന്ന ക്ലാസിക്കൽ ഹിന്ദുസ്ഥാനി ഗായകരിൽ ഒന്നാമനാണ്. അദ്ദേഹം കുട്ടിക്കാലത്ത് സംഗീതം അഭ്യസിച്ചപ്പോൾ അദ്ദേഹത്തിന്റെ ഉസ്താദ് ഒരു രാഗം തന്നെ മാസങ്ങളോളം പരിശീലിക്കാൻ പ്രേരിപ്പിക്കുമായിരുന്നു. ബാലനായിരുന്ന റാഷിദ് ഖാന് അന്ന് അത് അരോചകമായി തോന്നിയിരിക്കാം. എന്നാൽ അദ്ദേഹത്തെ ഇന്ത്യയിലെ ഏറ്റവും പ്രശസ്ത ഗായകനാക്കിയത് അദ്ദേഹത്തിന് മാത്രം സ്വതഃസിദ്ധമായ രാഗാലാപനത്തിന്റെ ആഴവും സ്ഫുടതയും ആണ്. ഇത് അദ്ദേഹത്തിന് എങ്ങനെയാണ് കൈവന്നത് എന്ന് കൂട്ടുകാരോട് പറയേണ്ടതില്ലല്ലോ! അദ്ദേഹത്തിന് ആദ്യം അരോചകമായി തോന്നിയ ഒരു രാഗം മാത്രം എടുത്ത് മാസങ്ങളോളം നടത്തിയ സാധന.

● **പി.എ.എൻ**

◈




◆◆ **ചരിത്രപരമായി യവനപ്രിയ എന്നറിയപ്പെടുന്ന കേരളത്തിലെ സുഗന്ധവ്യഞ്ജനം– കുരുമുളക്**